# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2372 — 18.12.2012-ൽ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിലെ അതിർത്തി ചെക്കുപോസ്റ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ അതിർത്തി ചെക്കുപോസ്റ്റുകൾ വഴി അനധികൃതമായി വ്യാജ മദ്യവും സ്പിരിറ്റും കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചെക്കുപോസ്റ്റുകളിൽ കഴിഞ്ഞ മൂന്ന് മാസത്തിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ; | (ബി) | ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വാളയാറിലെ സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ; | (സി) | വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഇൻ ചെക്ക്പോസ്റ്റിൽ 12.49 ഹെക്ടർ സ്ഥലവും, ഔട്ട് ചെക്ക്പോസ്റ്റിൽ 7.82 ഹെക്ടർ സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കി വരുന്നു. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംയോജിത ചെക്ക്പോസ്റ്റിന് ആവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.<br>(...............2) |

| | | | |
|---|---|---|---|
| (ഡി) | ഇവിടെ അനുഭവപ്പെടുന്ന ഗതാഗതകുരുക്കും യാത്ര ക്കാരുടെ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടു ള്ളതെന്നു വ്യക്തമാക്കുമോ ? | (ഡി) | ഇവിടെ അനുഭവപ്പെടുന്ന ഗതാഗത കുരുക്കും യാത്ര ക്കാരുടെ ബുദ്ധി- മുട്ടുകളും ഒഴിവാക്കുന്നതിന് ജീവന ക്കാരുടെ ലഭ്യത അനുസരിച്ച് കൂടുതൽ കൗണ്ടറുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എക്സ്പോർട്ട് കാർഗോ വാഹനങ്ങൾ, നികുതി ഇല്ലാത്ത ചരക്കുവാഹനങ്ങൾ എന്നിവ കടന്നുപോകുന്നതിന് IN ലും OUT ലും ഒന്നുവീതം ഗ്രീൻ ചാനൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ലക്ഷ്വറി ബസ്സുകളിൽ വരുന്ന ചരക്കുകൾ പരിശോധിക്കാൻ കൗണ്ടറുകളിൽ മുൻഗണന നൽകാറുണ്ട്. മറ്റ് ചരക്കു വാഹനങ്ങൾക്ക് ബന്ധപ്പെട്ട കൗണ്ടറു കളിലേക്ക് പരിശോധനയ്ക്ക് പോകു ന്നതിന് നിർദ്ദേശം നൽകാൻ പ്രയോ- റിറ്റി കൗണ്ടർ തുറന്ന് പ്രവർ ത്തിക്കുന്നുണ്ട്. ഗതാഗത ക്കുരുക്ക് ഒഴിവാക്കുന്നതിനായി ചെക്ക്പോസ്റ്റിനു മുന്നിലുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

B.V.Kumar

സെക്ഷൻ ഓഫീസർ

4